16/3/23

**സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,**
**തിരുവനന്തപുരം 695 001**

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **CP. 221(2)/2022**/എസ്.ഐ.സി.
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നമ്പർ **9081**/എസ്.ഐ.സി-ജി 6/22)
സന്നിഹിതൻ
**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**ശ്രീ.ജോബിഷ് മാത്യു,**
**തെക്കിലകത്ത് ഹൗസ്,**
**Randar പി.ഒ., മൂവാറ്റുപുഴ,**
**എറണാകുളം – 686 673.** } **പരാതി ഹർജിക്കാരൻ**

**Vs**

**സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&**
**ശിശുവികസന പദ്ധതി ഓഫീസർ,**
**ശിശു വികസന പദ്ധതി ഓഫീസറുടെ കാര്യാലയം,**
**അടിമാലി, ഇടുക്കി – 685 561.** } **എതിർകക്ഷി**

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 20.04.2022 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | – |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | – |
| അപ്പീലിന് മറുപടി നൽകിയ തീയതി | – |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 06.06.2022 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 16.06.2022 |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 18(1) വകുപ്പു പ്രകാരം പരാതി ഹർജിക്കാരനായ ശ്രീ.ജോബിഷ് മാത്യു, 06.06.2022ന് സമർപ്പിച്ച പരാതി ഹർജി 16.06.2022ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **CP.No.221(2)/22/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. പരാതി ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയില്ലെന്നാണ്.

3. പരാതി ഹർജിക്കാരൻ 20.04.2022ന് എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്,

1) 69-ാം നമ്പർ അംഗൻവാടിയിൽ സന്ദർശനം നടത്തുന്ന സൂപ്പർവൈസറുടെ പേര് എന്താണെന്നും

2) എന്നു മുതൽ ടി അംഗൻവാടിയിൽ സന്ദർശനം നടത്തുന്നു അന്നു മുതലുള്ള ഓഫീസിലെ ഹാജർ കോപ്പി ലഭ്യമാക്കണമെന്നുമാണ്.

3) നാളിതുവരെ സൂപ്പർവൈസർ ഹാജരാക്കിയിട്ടുള്ള ടൂർ ഡയറിയുടെ കോപ്പി ലഭ്യമാക്കണമെന്നും തുടങ്ങി 10 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

4. എതിർകക്ഷി 28.06.2022ന് കമ്മീഷനിൽ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരൻ നൽകിയ വിവരാവകാശ നിയമം 2005 അപേക്ഷയിലെ 2, 3 ചോദ്യങ്ങളിൽ പകർപ്പ് നൽകുന്നതിന് 48 ഷീറ്റ് പേപ്പർ ആവശ്യമുണ്ടായിരുന്നുവെന്നും ആയതിനാൽ പേപ്പറിന്റെ വിലയായ 144 രൂപയുടെ ചെലാൻ അടച്ച രസീത് ഓഫീസിൽ ഹാജരാക്കുന്ന മുറയ്ക്ക് മറുപടി ലഭ്യമാക്കുന്നതാണ് എന്ന് ടിയാനെ 10.05.2022ന് അറിയിച്ചിരുന്നുവെന്നാണ്. കൂടാതെ 9-ാം നമ്പർ ചോദ്യം വ്യക്തമല്ല എന്നും അറിയിച്ചിരുന്നുവെന്നും 69-ാം നമ്പർ അങ്കണവാടിയുടെ 5 വർഷത്തെ ഹാജർബുക്കിന്റെ കോപ്പി ലഭ്യമാക്കാമോയെന്ന ചോദ്യത്തിന് അങ്കണവാടി ജീവനക്കാരുടെ ഹാജർബുക്കിന്റെ കോപ്പിയാണോ അങ്കണവാടി ഗുണഭോക്താക്കളുടെ ഹാജർബുക്കിന്റെ കോപ്പിയാണോ എന്ന് ചോദ്യത്തിൽ സൂചിപ്പിച്ചിരുന്നില്ലെന്നും ആയത് വ്യക്തമായെങ്കിൽ മാത്രമേ എത്ര ഷീറ്റ് പേപ്പർ ആവശ്യമായി വരും എന്ന കണക്കാക്കുന്നതിന് സാധിക്കുകയുള്ളുവെന്നുമാണ്.

5. 25.01.2023 തീയതി കമ്മീഷൻ ഇടുക്കി ഗവ.ഗസ്റ്റ് ഹൗസ് കോൺഫറൻസ് ഹാളിൽ വച്ചു നടത്തിയ ഹിയറിംഗിൽ പരാതി ഹർജിക്കാൻ ഹാജരായില്ല. എതിർകക്ഷി ഹാജരായിരുന്നു.

6. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും എതിർകക്ഷിയെ കേട്ടതിലും, ഹർജിക്കാരന് മറുപടി നൽകിയിട്ടുണ്ടെന്ന് എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ ഹർജിക്കാരന്റെ അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയില്ലെന്നാണ് ടിയാൻ കമ്മീഷൻ മുമ്പാകെ ആക്ഷേപമുന്നയിച്ചിരിക്കുന്നത്. മൊഴിയും അനുബന്ധരേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന് 10.05.2022ന് മറുപടി നൽകിയിട്ടുള്ളതായി കമ്മീഷനു ബോധ്യമാകുന്നു. എന്നാൽ പകർപ്പ് ഫീസടയ്ക്കാൻ നിർദ്ദേശിച്ച് എതിർകക്ഷി കത്തു നൽകിയിട്ട് ടിയാൻ ഫീസടച്ചിട്ടില്ലെന്നും കമ്മീഷൻ നിരീക്ഷിക്കുന്നു. എതിർകക്ഷിയുടെ മൊഴിയുടെ

അടിസ്ഥാനത്തിൽ ഈ പരാതി ഹർജിയിൽ മേൽ നടപടി ആവശ്യമില്ലെന്നു വില യിരുത്തി ഇന്നേദിവസം 2023 മാർച്ച് 06-ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തര വാകുന്നു.

(ഒപ്പ്)
**ഡോ.കെ.എൽ.വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**അഡീഷണൽ സെക്രട്ടറി (നിയമം)**
Ge/